**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3467** **26-06-2024 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് എത്ര രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്നും എത്ര രൂപയുടെ എസ്റ്റിമേറ്റാണ് പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കിയിട്ടുള്ളതെന്നും അറിയിക്കാമോ; | (എ) | 2022-23 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം 11, വാല്യം 11 (ഭരണാനുമതിയില്ലാത്ത മരാമത്തു പണികൾ)-ൽ ക്രമ നമ്പർ 726 ൽ അമ്പലപ്പുഴ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തുകയായ പത്ത് കോടി രൂപയുടെ 20% തുകയായ 2,00,00,000/- (രണ്ടു കോടി) രൂപ നീക്കി വച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയ്ക്കായി 10 കോടി രൂപയുടെ എസ്റ്റിമേറ്റാണ് പൊതുമരാമത്ത് കെട്ടിട വിഭാഗം നിലവിൽ തയ്യാറാക്കിയിട്ടുള്ളത്. |
| (ബി) | ഇതിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള ഫയൽ എന്നാണ് ലാൻഡ് റവന്യൂ കമ്മീഷണർ ഓഫീസിൽ നിന്നും റവന്യൂ വകുപ്പിൽ എത്തിയത്; ഈ ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | (ബി) | പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനായുള്ള വിശദമായ എസ്റ്റിമേറ്റുൾപ്പെടെയുള്ള പ്രൊപ്പോസൽ 02/03/2024 തീയതിയിലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിയ്ക്കുകയുണ്ടായി. തുടർന്ന്, പ്രസ്തുത പ്രൊപ്പോസൽ അംഗീകാരത്തിനായി സമർപ്പിച്ച അവസരത്തിൽ അമ്പലപ്പുഴ മിനിസിവിൽ സ്റ്റേഷൻ അനക്സ് നിർമ്മാണത്തിനായി ജില്ലാ കളക്ടർ ശിപാർശ ചെയ്ത ഭൂമി സർക്കാർ പുറമ്പോക്ക് ഭൂമിയാണോ എന്നതിലും മിനി സിവിൽ സ്റ്റേഷന്റെ ആവശ്യകതയിലും വ്യക്തത വരുത്തുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറിൽ നിന്നും പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ